**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4388** **06-03-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ച വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ കെ ആൻസലൻ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാകുന്നതിനോടനുബന്ധിച്ച് പരിസര പ്രദേശങ്ങളെ ആഗോള നിലവാരത്തിലുള്ള വ്യവസായ ഇടനാഴിയായി വികസിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെടുത്തി ഏകദേശം 78 കി.മീ നീളമുള്ള ഔട്ടർ റിംഗ് റോഡ് നഗരത്തിന്റെ വടക്ക് ഭാഗത്ത് നാവായിക്കുളത്ത് നിന്നാരംഭിച്ച് വെയിലൂർ, പള്ളിപ്പുറം, അണ്ടൂർകോണം, വട്ടപ്പാറ, അരുവിക്കര, ഊരുട്ടമ്പലം, ബാലരാമപുരം കടന്ന് ബൈപ്പാസുമായി കൂടിച്ചേരുന്നു. തലസ്ഥാന നഗര വികസന പദ്ധതി II (സി.ആർ.ഡി.പി-II) കീഴിൽ വിഭാവനം ചെയ്ത ഔട്ടർ റിംഗ് റോഡ് പദ്ധതി ഭാരത് മാല പരിയോജനയിൽ ഉൾപ്പെടുത്തി എൻ.എച്ച്.എ.ഐ ആണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്.<br><br>ഔട്ടർറിംഗ് റോഡിന്റെ ഇരുവശവും 2.5 കി. മീ നീളത്തിൽ ഏകദേശം 400 സ്ക്വ. കി. മീ തുടർച്ചയായുള്ള സ്ഥലം (ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ) ഒരു പ്രത്യേക നിക്ഷേപ മേഖലയായി വികസിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിലേക്കായി ഒരു പ്രത്യേക നിയമ നിർമ്മാണം (Special Investment Region Act (SIR ACT) നടത്തി മേൽ സ്ഥലത്തെ ലോകോത്തര നിലവാരത്തിലുള്ള നിക്ഷേപസ്ഥാനമായി വികസിപ്പിക്കാനാണുദ്ദേശിക്കുന്നത്. ഈ പ്രത്യേക നിക്ഷേപ മേഖല പലവിധ സാമ്പത്തിക പ്രവർത്തനങ്ങളിലൂടെ ഏറ്റവും നല്ല ആഗോള നിലവാരത്തിലുള്ള സുസ്ഥിരമായ ജീവിത നിലവാരം ഉറപ്പ് വരുത്തുന്ന ഊർജ്ജസ്വലമായ സാമൂഹിക-സാംസ്കാരിക ആവാസ വ്യവസ്ഥയുള്ള ഒരു ലോകോത്തര ഹബ്ബ് ആയി പ്രവർത്തിക്കുന്നതുമാണ്. സി. ആർ.ഡി.പി തയ്യാറാക്കിയ കരട് SIR Bill സർക്കാർ പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | വിഴിഞ്ഞം വ്യവസായ ഇടനാഴി ലക്ഷ്യമാക്കി പശ്ചാത്തല വികസന മേഖലയിൽ നിക്ഷേപം നടത്താനും പുതിയ പദ്ധതി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലയിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെടുത്തി ഏകദേശം 78 കി.മീ നീളമുള്ള ഔട്ടർ റിംഗ് റോഡ് നഗരത്തിന്റെ വടക്ക് ഭാഗത്ത് നാവായിക്കുളത്ത് നിന്നാരംഭിച്ച് വെയിലൂർ, പള്ളിപ്പുറം, അണ്ടൂർകോണം, വട്ടപ്പാറ, അരുവിക്കര, ഊരൂട്ടമ്പലം, ബാലരാമപുരം കടന്ന് ബൈപ്പാസുമായി കൂടിച്ചേരുന്നു. തലസ്ഥാന നഗര വികസന പദ്ധതി II (സി.ആർ.ഡി.പി-II) കീഴിൽ വിഭാവനം ചെയ്ത ഔട്ടർ റിംഗ് റോഡ് പദ്ധതി ഭാരത് മാല പരിയോജനയിൽ ഉൾപ്പെടുത്തി എൻ.എച്ച്.എ.ഐ ആണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്.<br><br>ഔട്ടർറിംഗ് റോഡിന്റെ ഇരുവശവും 2.5 കി. മീ നീളത്തിൽ ഏകദേശം 400 സ്ക്വ. കി. മീ തുടർച്ചയായുള്ള സ്ഥലം (ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ) ഒരു പ്രത്യേക നിക്ഷേപ മേഖലയായി വികസിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിലേക്കായി ഒരു പ്രത്യേക നിയമ നിർമ്മാണം (Special Investment Region Act (SIR ACT) നടത്തി മേൽ സ്ഥലത്തെ ലോകോത്തര നിലവാരത്തിലുള്ള നിക്ഷേപസ്ഥാനമായി വികസിപ്പിക്കാനാണുദ്ദേശിക്കുന്നത്. ഈ പ്രത്യേക നിക്ഷേപ മേഖല പലവിധ സാമ്പത്തിക പ്രവർത്തനങ്ങളിലൂടെ ഏറ്റവും നല്ല ആഗോള നിലവാരത്തിലുള്ള സുസ്ഥിരമായ ജീവിത നിലവാരം ഉറപ്പ് വരുത്തുന്ന ഊർജ്ജസ്വലമായ സാമൂഹിക-സാംസ്കാരിക ആവാസ വ്യവസ്ഥയുള്ള ഒരു ലോകോത്തര ഹബ്ബ് ആയി പ്രവർത്തിക്കുന്നതുമാണ്. സി. ആർ.ഡി.പി തയ്യാറാക്കിയ കരട് SIR Bill സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | വിഴിഞ്ഞം വ്യവസായ ഇടനാഴി യാഥാർത്ഥ്യമാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (സി) | പ്രത്യേക നിക്ഷേപ മേഖലയ്ക്കാവശ്യമായ സ്ഥലം ലാന്റ് പൂളിംഗിലൂടെയാണ് സമാഹരിക്കാനുദ്ദേശിക്കുന്നത്. ഇതിനാവശ്യമായ പ്രത്യേക നയം രൂപീകരിക്കുന്നതിനായി കരട് ലാന്റ് പൂളിംഗ് നിയമം സി.ആർ.ഡി.പി തയ്യാറാക്കിയത് SIR Bill-ൽ ഉൾപ്പെടുത്തിയിട്ടുള്ളതും ആയത് സർക്കാർ പരിഗണനയിലുമാണ്. |
| (ഡി) | പ്രസ്തുത ഇടനാഴിയുടെ ഇരുവശത്തും താമസിക്കുന്ന പ്രദേശവാസികളെ ഉൾപ്പെടുത്തി വ്യവസായ പാർക്കുകൾ, ലോജിസ്റ്റിക് സെന്ററുകൾ, ജനവാസ കേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കാൻ പദ്ധതി തയ്യാറാക്കുമോ? | (ഡി) | പ്രത്യേക നിക്ഷേപ മേഖലയിലുള്ള ഭൂമി സമ്പത്ത് വ്യവസ്ഥയും തൊഴിൽ സാധ്യതയും ഉണ്ടാക്കുന്ന തരത്തിൽ കാര്യക്ഷമമായ രീതിയിൽ എങ്ങനെ ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള മാസ്റ്റർ ഡെവലപ്പ്മെന്റ് പ്ലാനിന്റെ കരട് സി. ആർ.ഡി.പി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുമായി ചർച്ച |

| | | | |
|---|---|---|---|
| | | | നടത്തി അവരുടെ അഭിപ്രായം സ്വരൂപിക്കുന്നതിനുള്ള നടപടിയെടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ